# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1943 08.06.2018 ൽ മറുപടിയ്ക്ക്**

## വിദ്യാർത്ഥികളെ കുത്തി നിറച്ച് പോകുന്ന വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ വാഹനങ്ങളിലും സ്വകാര്യ ടാക്സികളിലും അമിതമായി വിദ്യാർത്ഥികളെ കുത്തി നിറച്ച് പോകുന്നത് തടയിടാനുള്ള കർശന പരിശോധന ഗതാഗത വകുപ്പ് നടത്തുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ അധ്യയന വർഷാരംഭത്തിൽ അത്തരം പരിശോധനയ്ക്ക് വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ, ബോധവൽക്കരണങ്ങൾ എന്നിവ വകുപ്പ് നടത്തിയിട്ടുണ്ടോ; | (ബി) | വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി, അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ പ്രത്യേക ക്ഷമതാ പരിശോധന നടത്തുകയും, സ്റ്റിക്കർ പതിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ പരിശോധന പൂർത്തിയാക്കി സ്റ്റിക്കർ പതിച്ച വാഹനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. സ്റ്റിക്കർ പതിക്കാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടു പോകാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | ഇത്തരം പരിശോധനകൾക്കായി പ്രത്യേകം സ്ക്വാഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഓരോ ആർ.ടി.ഒ/എസ്.ആർ.ടി.ഒ തലത്തിലും പ്രത്യേക പരിശോധനകൾ സംഘടിപ്പി ക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം, ആറ്റിങ്ങൽ | 1803 |
| കൊല്ലം | 1236 |
| പത്തനംതിട്ട | 820 |
| ആലപ്പുഴ | 420 |
| കോട്ടയം | 768 |
| ഇടുക്കി | 251 |
| എറണാകുളം, മൂവാറ്റുപുഴ | 7800 |
| തൃശ്ശൂർ | 1278 |
| പാലക്കാട് | 1188 |
| മലപ്പുറം | 1031 |
| കോഴിക്കോട്, വടകര | 1469 |
| കണ്ണൂർ | 300 |
| വയനാട് | 869 |
| കാസർകോട് | 573 |
| ആകെ | **19806** |

സെക്ഷൻ ഓഫീസർ